**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3310** **11-03-2025 - ൽ മറുപടിയ്ക്ക്**

**തൊഴിലാളികളുടെ തൊഴിൽ അവസരങ്ങളും ക്ഷേമവും മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ തൊഴിൽ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമവും തൊഴിൽ അവസരങ്ങളും മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നത്; | (എ) | വിവിധ തൊഴിൽ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ അംഗത്വം എടുക്കാവുന്നതാണ്. പ്രസ്തുത തൊഴിലാളികൾക്ക് അർഹതയ്ക്കനുസരിച്ച് അതത് ക്ഷേമപദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ തൊഴിൽ വകുപ്പ് മുഖേന നൽകിവരുന്നു .<br><br>ഫാക്ടറി ചട്ടങ്ങൾപ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്ന വ്യവസായ ശാലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം എന്നിവ ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് ഉറപ്പ വരുത്തുന്നുണ്ട്. ഫാക്ടറി നിയമത്തിൽ അനുശാസിക്കുന്ന അടിസ്ഥാന സൗകര്യങ്ങളായ ഇരിപ്പിടം, തൊഴിൽസ്ഥലം, വെന്റിലേഷൻ സൗകര്യങ്ങൾ, കുടിവെള്ളം, മൂത്രപ്പുര, ക്രഷ്, വിശ്രമകേന്ദ്രം, കാന്റീൻ, വാഷിംഗ് സൗകര്യങ്ങൾ, ഫയർ ലേഔട്ട് എന്നിവ ഉണ്ടെന്ന് ഫാക്ടറി ലൈസൻസ്/ പെർമിറ്റ് എന്നിവ അനുവദിക്കുന്ന സമയത്തും ഫാക്ടറി പരിശോധനാ വേളകളിലും വകുപ്പ് ഉറപ്പുവരുത്തുന്നു. കൂടാതെ സ്വയംരക്ഷാ ഉപകരണങ്ങൾ എല്ലാ തൊഴിലാളികളും ഉപയോഗിക്കുന്നുണ്ടെന്ന് ഫാക്ടറി പരിശോധനാ വേളയിൽ ഇൻസ്പെക്ടർമാർ ഉറപ്പുവരുത്തുന്നുണ്ട്.<br><br>തൊഴിൽ - ആരോഗ്യ പരിശീലന കേന്ദ്രമായ OTI, സുരക്ഷാരഥം എന്ന സഞ്ചരിക്കുന്ന പരിശീലനവാഹനം, മേഖല പരിശീലന കേന്ദ്രങ്ങൾ എന്നിവ വഴി വിവിധ പരിശീലന പരിപാടികൾ തൊഴിലാളിയ്ക്കായി സംഘടിപ്പിച്ചു വരുന്നു.<br><br>തൊഴിൽ-ആരോഗ്യ ഗവേഷണ കേന്ദ്രം (OHRC)-ന്റെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽജന്യ രോഗനിർണ്ണയ |

| | | | |
|---|---|---|---|
| | | | സർവ്വേയും ഇൻഡസ്ട്രിയൽ ഹൈജീൻ ലാബിന്റെ സഹായത്തോടെ ഇൻഡസ്ട്രിയൽ ഹൈജീൻ സ്റ്റഡിയും നടത്തി തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു. തൊഴിൽജന്യരോഗ സംശയനിവാരണത്തിന് തൊഴിലാളികൾക്ക് വേണ്ടി ടെലിമെഡിസിൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലെ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിൽ പുനരധിവസിപ്പിച്ചിട്ടുള്ള ഓരോ കുടുംബത്തിലെയും രണ്ടു ശ്രീലങ്കൻ റിപ്പാട്രിയേറ്റുകൾക്ക് വീതം കമ്പനിയിൽ സ്ഥിരം തൊഴിലാളികളായി ജോലി നൽകുകയും ചെയ്തിട്ടുണ്ട്. അവർ ജോലിയിൽ നിന്നും പിരിയുന്ന മുറയ്ക്ക് അവരുടെ കുടുംബത്തിലെ മറ്റൊരു റിപ്പാട്രിയേറ്റ് അംഗത്തിന് ജോലി കൊടുത്തുകൊണ്ട് ആ കുടുംബത്തിന്റെ നിലനിൽപ്പിനാവശ്യമായ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുകയാണ് ചെയ്യുന്നത്.<br><br>ഏതെങ്കിലും കുടുംബത്തിൽ ഇപ്രകാരമുള്ള തൊഴിൽ സ്വീകരിക്കുന്നതിന് റിപ്പാട്രിയേറ്റുകൾ ഇല്ലാതിരിക്കുകയോ അവർക്ക് താൽപര്യമില്ലാതെ വരികയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത കുടുംബത്തിലെ റിപ്പാട്രിയേറ്റുകളുടെ ഇന്ത്യയിൽ ജനിച്ച ആശ്രിതർക്ക് താൽക്കാലികമായി സർക്കാർ അനുമതിയോടെ പകരം ജോലി നൽകി വരുന്നുണ്ട്. റിപ്പാട്രിയേറ്റ് കുടുംബങ്ങളുടെ താമസത്തിനായി കമ്പനിയുടെ എസ്റ്റേറ്റുകളിൽ ലയങ്ങളുണ്ടാക്കുകയും വൈദ്യുതി, വെള്ളം, കേന്ദ്രീകൃത ചികിത്സ, വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നിവ നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | ചുരുക്കം ചില തൊഴിലിടങ്ങളിൽ സ്ത്രീ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | 1960 ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം തൊഴിലിടങ്ങളിൽ സ്ത്രീ തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാർക്കും തൊഴിലുടമ ഇരിപ്പിടം അനുവദിക്കണമെന്ന് വ്യവസ്ഥയുണ്ട്. കൂടാതെ രാത്രി 9 മണി മുതൽ രാവിലെ 6 മണി വരെ സ്ത്രീ തൊഴിലാളികളെ ജോലിക്ക് നിയോഗിക്കണമെങ്കിൽ പ്രസ്തുത ജീവനക്കാരിയുടെ അനുവാദം വാങ്ങേണ്ടതും അഞ്ച് പേരുള്ള തൊഴിലാളികളുടെ ഒരു ഗ്രൂപ്പ് ഉണ്ടായിരിക്കേണ്ടതും ഗ്രൂപ്പിൽ രണ്ടുപേർ സ്ത്രീ ജീവനക്കാരായിരിക്കേണ്ടതുമാണ്.<br><br>സ്ത്രീകൾക്ക് തൊഴിലിടങ്ങളിൽ അവർ അഭിമുഖീകരിക്കുന്ന ഏത് തൊഴിൽ പ്രശ്നങ്ങളും പരാതിക്കാരിയുടെ ഐഡന്റിറ്റി വെളിപ്പെടുത്താതെ തന്നെ 'സഹജ' എന്ന കോൾസെന്ററിലേക്ക് വിളിച്ച് അറിയിക്കാവുന്നതാണ്. (1800-42-555-215) പരാതി |

| | | | |
|---|---|---|---|
| | | | ലഭിച്ചാലുടൻ തന്നെ നടപടി സ്വീകരിക്കുന്നതുമാണ്. സ്ഥാപന പരിശോധനയിൽ എല്ലാ സ്ഥാപനങ്ങളിലും പോഷ് ആക്ട് പ്രകാരം ICC (Internal Complaints Committee) കൾ രൂപീകരിച്ചിട്ടുണ്ടോ എന്ന് തൊഴിൽ വകുപ്പ് ഉറപ്പ് വരുത്തുന്നു.<br><br>ഫാക്ടറികളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് തങ്ങളുടെ സുരക്ഷിതത്വവും ക്ഷേമവും സംബന്ധിച്ച പരാതികൾ ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശോധനാസമയത്ത് നേരിട്ടോ അല്ലാതെയോ അറിയിക്കുന്നതിനും ആയതിന്മേൽ ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഇൻസ്പെക്ടർമാർ മുഖേന ഉറപ്പു വരുത്തുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ പരാതികൾ സമർപ്പിക്കുന്നതിന് കംപ്ലയിന്റ് കം ഗ്രീവൻസ് റിഡ്രസ്സൽ ആപ്പ് എന്ന മൊബൈൽ ആപ്പ് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ സ്ത്രീ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിന് ഇന്റേണൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br><br>സ്ത്രീ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിന് തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലെ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് കമ്പനിയിൽ വുമൺ സെൽ രൂപീകരിച്ചിരുന്നു. പിന്നീട് കമ്പനിയിൽ 03.11.2018-ലെ ആർ.പി.എൽ/ പി.ഡി/3121/95/2491 നമ്പരായുള്ള ഉത്തരവ് പ്രകാരം ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി രൂപികരിച്ചു. പ്രസ്തുത കമ്മിറ്റി 01.07.2024- ലെ ആർ.പി. എൽ/ പിഡി/3121/95/710 നമ്പരായുള്ള ഉത്തരവ് പ്രകാരം പുനഃസ്ഥാപിക്കുകയും POSH ACT Complaince Portal-ൽ രജിസ്റ്റർ ചെയ്യുകയും കമ്പനിയുടെ Internal Complaince Committee-യിലുള്ള അംഗങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളതുമാണ്.<br><br>ഒഡെപെക് മുഖാന്തിരം വിദേശ തൊഴിൽ നേടി പോകുന്ന സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ പ്രശ്നങ്ങൾ തൊഴിലിടങ്ങളിൽ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ സമയബന്ധിതമായി പരിഹാരം സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ